(7) പാലക്കാട് റെയിൽവേ ഡിവിഷൻ നിലനിർത്തണമെന്ന ആവശ്യം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കേരളത്തിന് ഒരു പ്രത്യേക റെയിൽവേ സോൺ വേണമെന്ന ആവശ്യം കേന്ദ്രം നിരാകരിച്ചു. ഇപ്പോൾ പാലക്കാട് റെയിൽവേ ഡിവിഷൻ നിർത്തലാക്കുകയോ അതിന്റെ അധികാരപരിധി ഗണ്യമായി കുറയ്ക്കുകയോ ചെയ്യാൻ പോകുന്നു. പകരം സേലം ഡിവിഷൻ പുതുതായി വരുന്നു. ഈ ഏപ്രിൽ മാസത്തിനുമുൻപ് സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്താത്തപക്ഷം ഇത് നടപ്പിലാക്കും. കേരളത്തിലെ ജനങ്ങൾക്ക് വമ്പിച്ച നഷ്ടമാണ് ഉണ്ടാകാൻ പോകുന്നത്. Divisional Headquarters ആയ പാലക്കാട്ടേക്ക് പോകുന്ന ഏക വണ്ടിയായ അമൃത എക്സ്പ്രസ് പാലക്കാട് തൊടാതെ കോയമ്പത്തൂരിലേക്ക് നീട്ടാൻ പോവുകയാണ്. പാലക്കാടുവരെ വരണമെന്ന് നാം ഇപ്പോൾത്തന്നെ ആവശ്യപ്പെട്ട ഏർക്കാട് എക്സ്പ്രസ് വരുന്നുമില്ല. ഈ കാര്യങ്ങളിലെല്ലാം സംസ്ഥാന സർക്കാർ ഇടപെട്ട് ജനങ്ങളുടെ പ്രയാസങ്ങൾക്ക് പരിഹാരം കാണണമെന്ന് അപേക്ഷിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ): സർ, പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്നും റെയിൽവേ ലൈൻ തമിഴ്നാട് ഭാഗത്തേക്ക് കൂട്ടിച്ചേർത്ത് തമിഴ്നാട്ടിൽ ഒരു ഡിവിഷൻ കൂടി സേലം ആസ്ഥാനമായി ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമായി നടക്കുന്നതായി മാദ്ധ്യമങ്ങൾ ഈയിടെ റിപ്പോർട്ട് ചെയ്തിരിക്കുന്നു. Route length കുറവുള്ള കേരള സംസ്ഥാനത്തിൽ നിന്നും ഇനിയും പാത അടർത്തിമാറ്റി തമിഴ്നാടിനോട് ചേർത്ത് പുതിയ ഡിവിഷൻ അനുവദിച്ചാൽ പ്രത്യേക റെയിൽവേ സോൺ എന്ന സംസ്ഥാനത്തിന്റെ ചിരകാലസ്വപ്നം എന്നെന്നേയ്ക്കുമായി അടഞ്ഞുപോകുകയായിരിക്കും തത്ഫലത്തിൽ സംഭവിക്കുന്നത്. ആയതിനാൽ ഇക്കാര്യം വളരെ ഉത്കണ്ഠയോടും അതീവ ഗൗരവത്തോടും കൂടിയാണ് സംസ്ഥാന സർക്കാർ വീക്ഷിക്കുന്നത്. ഈ നീക്കം സമസ്ത കഴിവുമുപയോഗിച്ച് തടയുന്നതായിരിക്കും. ഇക്കാര്യം ഉടൻതന്നെ പ്രധാനമന്ത്രിയുടേയും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതുമാണ്. പാർലമെന്റിലും രാജ്യസഭയിലും ഇക്കാര്യം ശക്തമായി ഉന്നയിക്കാൻ പാർലമെന്റ്/രാജ്യസഭാംഗങ്ങളോട് ആവശ്യപ്പെടുന്നതാണ്. കൂടാതെ റെയിൽവേ ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതിന് സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുന്നതുമാണ്. പാലക്കാട് ഡിവിഷന്റെ ഇപ്പോഴുള്ള അവസ്ഥ അതേപടി നിലനിർത്തേണ്ടതാണ്. റൂട്ട് അടർത്തിമാറ്റി തമിഴ്നാട്ടിന്റെ സൗകര്യത്തിന് സേലം ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള തീരുമാനവുമായി മുന്നോട്ടുപോയാൽ ശക്തമായ പ്രതിഷേധം സംസ്ഥാനത്തു നിന്നുമുണ്ടാകുമെന്ന് റെയിൽവേ ബോർഡിനെ അറിയിക്കുന്നതാണ്. പാലക്കാട് ഡിവിഷൻ അതേപടി നിലനിർത്തി സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് മറ്റു മാനദണ്ഡങ്ങളിൽ ഇളവുവരുത്തി കേരളത്തിനു മാത്രമായി ഒരു പ്രത്യേക റെയിൽവേ സോൺ അനുവദിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly